To FAUS PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.27.12.2018.

### ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളെ മികവിന്റെ കേന്ദ്രങ്ങളാക്കും: വനംമന്ത്രി അഡ്വ. കെ. രാജു

വനം വകുപ്പിന്റെ കീഴിലുള്ള അരിപ്പ, വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളെ കാലാനുസൃതമായി പരിഷ്കരിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കുമെന്ന് വനം വകുപ്പുമന്ത്രി അഡ്വ. കെ. രാജു അറിയിച്ചു. അരിപ്പ വനപരിശീലന കേന്ദ്രത്തിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പാസ്സിംങ് ഔട്ട് പരേഡിൽ സല്യൂട്ട് സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രകൃതി സ്നേഹവും സാമൂഹിക പ്രതിബദ്ധതയും ശാരീരിക ക്ഷമതയുമുള്ള വനപാലകരെ വാർത്തെടുക്കുന്നതിൽ ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് സംസ്ഥാന വനപരിശീലന കേന്ദ്രങ്ങൾ നടത്തിവരുന്നത്. ബീറ്റ്ഫോറസ്റ്റ് ഓഫീസർമാർ മുതൽ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർക്കുവരെ അനുയോജ്യമായ പരിശീലനവും ഓറിയന്റേഷൻ കോഴ്സുകളും ലഭ്യമാകുന്ന ആധുനിക സൗകര്യങ്ങളോടെയുള്ള പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്. സിന്തറ്റിക് അത്‌ലറ്റിക് ട്രാക്കുകളുള്ള സ്റ്റേഡിയം, വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയം, നീന്തൽക്കുളം, പരിശീലനാർത്ഥികൾക്കുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്നതായിരിക്കും നവീകരണ പദ്ധതി. അരിപ്പ പരിശീലന കേന്ദ്രത്തോടനുബന്ധിച്ച് ഒരു ഫയർ ട്രെയിനിംഗ് സെന്റർ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നീന്തൽ, ഡ്രൈവിംങ് എന്നിവയോടൊപ്പം കാലാനുസൃതമായ സിലബസ് പരിഷ്ക്കരണവും ലക്ഷ്യമിടുന്നതായി വനം മന്ത്രി അറിയിച്ചു.

71-ാമത് ബാച്ചിലെ 33 പേരും മുൻ ബാച്ചുകളിലെ 26 പേരും ഉൾപ്പെടെ രണ്ട് പ്ളാറ്റ്യൂണുകളിലായി 59 പേരാണ് ഇന്നലെ (ഡിസം. 27 ) നടന്ന പാസ്സിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്. ഇതിൽ 24 പേരാണ് വനിത പ്ളാറ്റ്യൂണിൽ ഉണ്ടായിരുന്നത്. 71-ാമത് ബാച്ചിലെ 33 പേരിൽ 16 പേർ ബിരുദാനന്തര ബിരുദധാരികളും 5 പേർ എൻജിനീയറിംഗ് ബിരുദധാരികളും രണ്ടുപേർ നിയമ ബിരുദധാരികളുമാണ്. ഈ ബാച്ചിലെ ആറുപേർ ഹോണേഴ്സ് സർട്ടിഫിക്കറ്റോടുകൂടിയും 27 പേർ ഹയർ സ്റ്റാൻഡേർഡ് സർട്ടിഫിക്കറ്റോടുകൂടിയുമാണ് പരിശീലനം പൂർത്തിയാക്കിയത്. 79.73 ശതമാനം മാർക്ക് നേടിയ സുബിമോൾ ജോസഫ് ഒന്നാം സ്ഥാനം നേടി. പരേഡിന് ശേഷം നടന്ന ബിരുദധന ചടങ്ങിൽ സർട്ടിഫിക്കറ്റുകളും വിവിധ തലങ്ങളിൽ മികച്ച വിജയം നേടിയവർക്കുള്ള സമ്മാനങ്ങളും വനം മന്ത്രി വിതരണം ചെയ്തു.

മുഖ്യവനം മേധാവി പി.കെ. കേശവൻ അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ ഫോറസ്ട്രി ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജോൺ മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. തിരുവനന്തപുരം ഡി.എഫ്.ഒ. ഡി. രതീഷ് ആശംസകൾ അർപ്പിച്ചു. ചടങ്ങിന് സാമൂഹ്യവനവത്ക്കരണ വിഭാഗം പി.സി.സി.എഫ്. കെ. എ. മുഹമ്മദ് നൗഷാദ് സ്വാഗതവും, അരിപ്പ ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂട്ട് ഇൻസ്ട്രക്ടർ എസ്. അനീഷ് നന്ദിയും പറഞ്ഞു.

[signature]

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-63